സൂറഃ-8

# അൽ അൻഫാൽ

وَٱذۡكُرُوٓاْ إِذۡ أَنتُمۡ قَلِيلٞ مُّسۡتَضۡعَفُونَ فِى ٱلۡأَرۡضِ تَخَافُونَ أَن يَتَخَطَّفَكُمُ
ٱلنَّاسُ فَـَٔاوَىٰكُمۡ وَأَيَّدَكُم بِنَصۡرِهِۦ وَرَزَقَكُم مِّنَ ٱلطَّيِّبَٰتِ لَعَلَّكُمۡ
تَشۡكُرُونَ ﴿٢٦﴾
يَٰٓأَيُّهَا ٱلَّذِينَ ءَامَنُواْ لَا تَخُونُواْ ٱللَّهَ وَٱلرَّسُولَ وَتَخُونُوٓاْ أَمَٰنَٰتِكُمۡ
وَأَنتُمۡ تَعۡلَمُونَ ﴿٢٧﴾
وَٱعۡلَمُوٓاْ أَنَّمَآ أَمۡوَٰلُكُمۡ وَأَوۡلَٰدُكُمۡ فِتۡنَةٞ وَأَنَّ ٱللَّهَ عِندَهُۥٓ أَجۡرٌ عَظِيمٞ ﴿٢٨﴾

**26.** നിങ്ങൾ ഭൂമിയിൽ ദുർബലരാക്കപ്പെട്ട തുഛമാളുകളായിരുന്നത് ഓർക്കുവിൻ. ജനം റാഞ്ചിക്കളയുമോ എന്ന് നിങ്ങൾ ഭയപ്പെടുന്നുണ്ടായിരുന്നു. അപ്പോൾ അല്ലാഹു അഭയസ്ഥാനമൊരുക്കിത്തന്നു. അവന്റെ സഹായത്താൽ നിങ്ങളെ ബലപ്പെടുത്തി. ഉത്തമമായ വിഭവങ്ങളരുളുകയും ചെയ്തു; നിങ്ങൾ നന്ദിയുള്ളവരാകാൻ.
**27.** അല്ലയോ സത്യവിശ്വാസികളേ, അല്ലാഹുവിനോടും അവന്റെ ദൂതനോടും വിശ്വാസവഞ്ചന ചെയ്യാതിരിക്കുവിൻ. അറിഞ്ഞുകൊണ്ട് സ്വന്തം ഉത്തരവാദിത്വങ്ങളെ വഞ്ചിക്കാതിരിക്കുവിൻ.
**28.** അറിഞ്ഞിരിക്കുവിൻ, നിങ്ങളുടെ മുതലും മക്കളും ഒരു പരീക്ഷണം തന്നെയാകുന്നു. അല്ലാഹുവോ, അവങ്കലത്രെ മഹത്തായ പാരിതോഷികമുള്ളത്.

وَٱذۡكُرُوٓاْ = നിങ്ങൾ ഓർക്കുവിൻ إِذۡ أَنتُمۡ قَلِيلٞ = നിങ്ങൾ തുഛം ആളുകളായിരുന്നത്
مُّسۡتَضۡعَفُونَ = ദുർബലമാക്കപ്പെട്ടവരായ, അടിച്ചമർത്തപ്പെട്ട فِى ٱلۡأَرۡضِ = ഭൂമിയിൽ, നാട്ടിൽ
تَخَافُونَ = (നിങ്ങൾ ഭയപ്പെടുന്നു(ണ്ടായിരുന്നു) أَن يَتَخَطَّفَكُمُ = നിങ്ങളെ റാഞ്ചിക്കളയുമോ എന്ന് ٱلنَّاسُ = ജനം
فَـَٔاوَىٰكُمۡ = അപ്പോൾ അവൻ (അല്ലാഹു) നിങ്ങൾക്ക് അഭയം (സ്ഥാനം ഒരുക്കി) തന്നു وَأَيَّدَكُم = അവൻ നിങ്ങളെ ബലപ്പെടുത്തി
بِنَصۡرِهِۦ = അവന്റെ സഹായംകൊണ്ട് وَرَزَقَكُم = അവൻ നിങ്ങൾക്ക് വിഭവങ്ങളരുളുകയും ചെയ്തു
مِّنَ ٱلطَّيِّبَٰتِ = വിശിഷ്ടമായവയിൽനിന്ന് لَعَلَّكُمۡ تَشۡكُرُونَ = നിങ്ങൾ നന്ദിയുള്ളവരാകാൻ
يَٰٓأَيُّهَا ٱلَّذِينَ ءَامَنُواْ = അല്ലയോ സത്യവിശ്വാസികളേ لَا تَخُونُواْ = നിങ്ങൾ വഞ്ചിക്കരുത് (വിശ്വാസ വഞ്ചന ചെയ്യാതിരിക്കുവിൻ)
ٱللَّهَ وَٱلرَّسُولَ = അല്ലാഹുവിനോടും (അവന്റെ) ദൂതനോടും وَتَخُونُوٓاْ = നിങ്ങൾ വഞ്ചിക്ക(രുത്)
أَمَٰنَٰتِكُمۡ = നിങ്ങളുടെ (സ്വന്തം) വിശ്വസ്തതയെ, ഉത്തരവാദിത്വങ്ങളെ, സൂക്ഷിപ്പു മുതലുകളെ

وَأَنتُمْ تَعْلَمُونَ = നിങ്ങൾ അറിഞ്ഞുകൊണ്ട്, മനഃപൂർവം — وَٱعْلَمُوٓا۟ = നിങ്ങൾ അറിഞ്ഞിരിക്കുവിൻ

أَنَّمَآ أَمْوَٰلُكُمْ = തീർച്ചയായും നിങ്ങളുടെ മുതലുകൾ — وَأَوْلَـٰدُكُمْ = നിങ്ങളുടെ മക്കളും

فِتْنَةٌ = പരീക്ഷണം മാത്ര(തന്നെ)മാകുന്നു — وَأَنَّ ٱللَّهَ = അല്ലാഹു (വോ, അവനെക്കുറിച്ചും അറിഞ്ഞിരിക്കുവിൻ)

عِندَهُۥٓ = അവങ്കലത്രെ — أَجْرٌ = പ്രതിഫലം, പാരിതോഷികം — عَظِيمٌ = മഹത്തായ

**26:** അല്ലാഹുവിനെയും റസൂലിനെയും അനുസരിക്കാനാവശ്യപ്പെടുന്ന 24-ാം സൂക്തത്തിനനുബന്ധമായി അതിലെ ആശയത്തെ ദൃഢീകരിക്കാൻ, അല്ലാഹു വിശ്വാസികൾക്ക് ചെയ്ത അനുഗ്രഹങ്ങൾ അനുസ്മരിക്കുകയാണീ സൂക്തം. ഇതിലെ 'നിങ്ങൾ' ഈ സൂക്തം അവതരിക്കുന്ന കാലത്തുണ്ടായിരുന്ന മുസ്‌ലിംകൾ മൊത്തമാണെന്നും, അല്ല മുഹാജിറുകളെ മാത്രം ഉദ്ദേശിച്ചാണെന്നും, അതുമല്ല മൊത്തം അറബികളെ ഉദ്ദേശിച്ചാണെന്നും പല അഭിപ്രായങ്ങളുണ്ട്. ആദ്യം സൂചിപ്പിച്ച അഭിപ്രായമാണ് കൂടുതൽ പ്രബലവും സന്ദർഭോചിതവുമായിട്ടുള്ളത്.

അല്ലാഹുവിനെയും റസൂലിനെയും അനുസരിക്കണമെന്നാവശ്യപ്പെടുന്നത് വിശ്വാസികളെ ക്ലേശിപ്പിക്കാനല്ല; പ്രത്യുത ക്ലേശങ്ങളിൽനിന്നു മോചിപ്പിക്കാനാണ്. വിശ്വാസികളുടെ ഇതപര്യന്തമുള്ള ചരിത്രം തന്നെ അതിനു സാക്ഷിയാണ്. മക്കയിൽ നിങ്ങൾ എണ്ണത്തിൽ തുഛവും ദുർബലരും അടിച്ചമർത്തപ്പെട്ടവരും ആലംബഹീനരുമായിരുന്നു. ഖുറൈശികളുടെ കൊടിയ മർദനങ്ങളേറ്റുവാങ്ങിക്കൊണ്ടാണ് നിങ്ങളവിടെ കഴിഞ്ഞിരുന്നത്. ഏതവസരത്തിലും ഖുറൈശികളാൽ നിശ്ശേഷം തുടച്ചുനീക്കപ്പെട്ടേക്കുമെന്ന ഭീതിയിലായിരുന്നു നിങ്ങൾ. അല്ലാഹു നിങ്ങളോട് അവിടെനിന്നു പലായനം ചെയ്യാൻ നിർദേശിച്ചു. യസ്‌രിബിൽ അഭയസ്ഥാനമൊരുക്കിത്തന്നു. നിങ്ങളെ സഹായിച്ചു ശക്തരാക്കി. വലിയൊരു സ്വതന്ത്ര സമൂഹമാക്കി. ദരിദ്രരും പട്ടിണിക്കാരുമായിരുന്ന നിങ്ങളെ, മദീനാവാസികൾ അല്ലാഹുവിന്റെ പ്രീതി കാംക്ഷിച്ചു കൊണ്ട് അവരുടെ സമ്പത്തിലും സൗഭാഗ്യങ്ങളിലും പങ്കാളികളാക്കി. അങ്ങനെ അവൻ നിങ്ങൾക്ക് ഉത്തമവിഭവങ്ങൾ പ്രദാനം ചെയ്തു. അല്ലാഹുവിന്റെ ഈ അനുഗ്രഹങ്ങൾക്കെല്ലാം നിങ്ങൾ നന്ദികാണിക്കേണ്ടതുണ്ട്. അല്ലാഹുവിന്റെ ദൂതൻ കാണിച്ചുതരുന്നതു പ്രകാരം അല്ലാഹുവിന്റെ ശാസനകൾ അനുസരിക്കുന്നതിലൂടെയാണ് അല്ലാഹുവിനോടുള്ള നന്ദി യാഥാർഥ്യമാകുന്നത്.

ഒന്ന് ഓർത്തുനോക്കുക, ഹിജ്റ ചെയ്യാനുള്ള ദൈവിക നിർദേശം മുഹാജിറുകൾ അനുസരിച്ചിരുന്നില്ലെങ്കിൽ, യഥ്‌രിബിലെത്തിയ വിശ്വാസികളെ സ്വീകരിക്കാനും ജീവിത വിഭവങ്ങളിൽ പങ്കാളികളാക്കാനുമുള്ള നിർദേശം അൻസാറുകളും അനുസരിച്ചിരുന്നില്ലെങ്കിൽ നിങ്ങൾ ഇന്നത്തെ അവസ്ഥയിൽ എത്തുമായിരുന്നുവോ? അതുപോലെ ബദ്റിൽ സംഘട്ടനത്തിനു നിൽക്കാതെ പിന്തിരിഞ്ഞു പോന്നിരുന്നുവെങ്കിലും നിങ്ങളുടെ അവസ്ഥ കൂടുതൽ അപകടകരമാകുമായിരുന്നു. അല്ലാഹുവും റസൂലും നിങ്ങളെ ഏതു വഴിക്കുവിളിച്ചാലും, ഇതഃപര്യന്തം നിങ്ങൾ അനുഭവിച്ചറിഞ്ഞതുപോലെ അല്ലാഹുവിന്റെ പിന്തുണയും സഹായവും ലഭിച്ചുകൊണ്ടിരിക്കും. ആ വഴിക്ക് നടന്നാൽ ആപത്തിൽ ചെന്നു ചാടുമെന്ന് ഒരിക്കലും ഭയപ്പെടേണ്ട. അല്ലാഹു ഇതുവരെ സഹായിച്ചതുപോലെ ഇനിയും സഹായിച്ചുകൊണ്ടിരിക്കും. അവൻ വഞ്ചിച്ചു കളയുമെന്ന് യാതൊരാശങ്കയും വേണ്ട.

തറയിലുള്ള വസ്തു പക്ഷികൾ പറന്നുവന്ന് റാഞ്ചിക്കൊണ്ടു പോവുക എന്ന് ഭാഷാർഥമുള്ള تخطّف-ൽ നിന്നുള്ള ക്രിയാവചനമാണ് يتخطّف. പെട്ടെന്ന് കടന്നാക്രമിച്ച് നിശ്ശേഷം നശിപ്പിച്ചുകളയുക, തൊഴിച്ചോടിക്കുക എന്ന അർഥത്തിലും ഈ പദം ഉപയോഗിച്ചുവരുന്നു. തികച്ചും ദുർബലരായി, ഏതു നിമിഷത്തിലും ഖുറൈശികൾ പെട്ടെന്ന് ചാടിവീണ് നിശ്ശേഷം നശിപ്പിച്ചേക്കുമോ എന്ന ഭീതിയോടെയാണ് മുഹാജിറുകൾ മക്കയിൽ കഴിഞ്ഞു പോന്നത്. അതുകൊണ്ടാണ് ഈ സൂക്തം പറയുന്ന 'നിങ്ങൾ' മുഹാജിറുകളാണെന്ന് ചിലർ അഭിപ്രായപ്പെട്ടത്. പക്ഷേ, മുഹാജിറുകളും അൻസ്വാറുകളുമടങ്ങുന്ന വിശ്വാസികളെ മുന്നിൽനിർത്തി 'നിങ്ങൾ' എന്ന് സംബോധന ചെയ്യുമ്പോൾ അന്നത്തെ എല്ലാ വിശ്വാസികളും അതിലുൾപ്പെടുന്നുവെന്നും ഇസ്‌ലാമിന്റെ-മുസ്‌ലിം സമുദായത്തിന്റെ-പ്രാരംഭ ദശയെയാണ് ചൂണ്ടിക്കാണിക്കുന്നതെന്നും കരുതുന്നതാണ് യുക്തം.

ഇമാം ത്വബരി ഈ സൂക്തം വിശദീകരിച്ചുകൊണ്ട് ഖതാദഃ പ്രസ്താവിച്ചതായി ഉദ്ധരിക്കുന്നു: "ഈ അറബി ഗോത്രങ്ങൾ തീരെ നികൃഷ്ടരും നിന്ദ്യരും ദുർബലരും ദരിദ്രരും അജ്ഞരുമായിരുന്നു. റോം, പേർഷ്യ എന്നീ രണ്ടു ശിലകൾക്കിടയിൽ ചടഞ്ഞു കിടപ്പായിരുന്നു അവർ. അല്ലാഹുവാണ, അസൂയാർഹമായി യാതൊന്നും അവരിലുണ്ടായിരുന്നില്ല. അവർ ദുർഭഗരായി ജീവിച്ചു. നരകത്തിലേക്കെറിയപ്പെടുന്നവരായി മരിച്ചു. തിന്നപ്പെടുകയല്ലാതെ അവർ തിന്നുന്നവരായിരുന്നില്ല. ഭൂമിയിലെ നാഗരിക ഗോത്രങ്ങളിൽ അവരോളം ദുഷ്ടരായി ആരെയും നമുക്കറിഞ്ഞുകൂടാ. അങ്ങനെയിരിക്കെ അല്ലാഹു ഇസ്‌ലാം അവരിലേക്കയച്ചു. അവർക്ക് നാടുകൾ ഒരുക്കിക്കൊടുത്തു. അവരുടെ വിഭവങ്ങൾ വികസിപ്പിച്ചു. അവരെ ജനങ്ങളുടെ ഭരണാധികാരികളാക്കി. നിങ്ങളിക്കാണുതെല്ലാം അല്ലാഹു അവർക്കേകിയത് ഇസ്‌ലാമിലൂടെയാണ്. എന്നിട്ട് അല്ലാഹുവിന്റെ അനുഗ്രഹത്തിന് അവർ നന്ദികാണിച്ചില്ല. എന്നാൽ നിങ്ങളുടെ അനുഗ്രഹദാതാവായ നാഥൻ നന്ദി ഇഷ്ടപ്പെടുന്നവനാകുന്നു. നന്ദിയുള്ളവർക്ക് പ്രൗഢനും പ്രതാപിയുമായ അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ വർധിച്ചു കൊണ്ടേയിരിക്കും."

**27:** ഇരുപത്തിനാലാം സൂക്തം ആവശ്യപ്പെട്ട അനുസരണത്തിന്റെയും 26-ാം സൂക്തം ആവശ്യപ്പെട്ട നന്ദിയുടെയും മറുവശമാണ് ഈ സൂക്തം പറയുന്നത്. അതായത്, അല്ലാഹുവിനോടുള്ള അനുസരണവും നന്ദിയും നിഷേധിച്ചാൽ സംഭവിക്കുന്നത് എന്താണെന്ന്.

മൂലത്തിലെ لَا تَخُونُوا۟ എന്ന വാക്ക് خيانة എന്ന മൂലത്തിൽനിന്നുള്ള ക്രിയാ നിഷേധ വചനമാണ്. പ്രതീക്ഷക്ക് വിരുദ്ധമാവലും പ്രതീക്ഷിക്കുന്നതുപോലെ ചെയ്യാതിരിക്കലുമാണ് خيانة-ന്റെ മൗലികമായ ആശയം. ഉടമ്പടി, പ്രതിജ്ഞ, വാഗ്ദാനം, സ്വയം ഏറ്റെടുത്തതും ഏൽപിക്കപ്പെട്ടതുമായ ഉത്തരവാദിത്വങ്ങൾ എന്നിവയിൽ കാണിക്കുന്ന വഞ്ചനയെയും വിശ്വാസ വഞ്ചനയെയും കുറിക്കാനാണ് خيانة സാധാരണ ഉപയോഗിച്ചു വരുന്നത്.

സത്യവിശ്വാസം കൈക്കൊള്ളുക എന്നാൽ അല്ലാഹുവിനോടും റസൂലിനോടും ചെയ്യുന്ന പ്രതിജ്ഞയും ഉടമ്പടിയുമാണ്. അല്ലാഹുവിന്റെ തൃപ്തിക്കുവേണ്ടി, പ്രവാചകൻ പറയുന്നതൊക്കെയും അംഗീകരിക്കുമെന്നും അദ്ദേഹത്തിന്റെ വിധിവിലക്കുകളൊക്കെയും അനുസരിക്കുമെന്നുമാണ് ആ പ്രതിജ്ഞയുടെയും ഉടമ്പടിയുടെയും കാതൽ. വിശ്വാസികൾ അല്ലാഹുവിനെയും റസൂലിനെയും അനുസരിക്കാതിരിക്കുന്നതിനർഥം

അവരോട് വിശ്വാസവഞ്ചന കാണിക്കുന്നുവെന്നാണ്. ഈ അർഥത്തിൽ ശരീഅത്തിന്റെ ഏതുതരത്തിലുള്ള ലംഘനവും خيانة ആണെങ്കിലും ഇവിടെ ഉദ്ദേശിക്കുന്നത് പരോക്ഷമായി ചെയ്യുന്ന പാപങ്ങളും ദൈവധിക്കാരങ്ങളുമാണ്. പരസ്യമായി ദീനീ നിയമങ്ങളെല്ലാം പാലിക്കുകയും മറ്റാരും കാണാനില്ലാത്തപ്പോൾ എല്ലാം ലംഘിക്കുകയും ചെയ്യുക. ദീനീ പ്രതിബദ്ധത താൽപര്യപ്പെടുന്ന സേവനങ്ങളിൽനിന്നും ത്യാഗങ്ങളിൽനിന്നും തന്ത്രപൂർവം മാറിനിൽക്കുക. മുസ്‌ലിംകൾക്കിടയിൽ ഇസ്‌ലാമിന്റെ വക്താവായി സംസാരിക്കുകയും മറുപക്ഷത്തിനിടയിൽ ചെല്ലുമ്പോൾ അവരുടെ വാദങ്ങളോടും നിലപാടുകളോടും ചായ്‌വ് പ്രകടിപ്പിക്കുകയും ചെയ്യുക. കപട വിശ്വാസികളല്ലാത്തവരിലും ചിലപ്പോഴൊക്കെ സംഭവിച്ചു പോകാറുള്ള ഇത്തരം നടപടികൾ خيانة-ൽ പെട്ടതാകുന്നു.

അബൂലുബാബ ഇബ്നു അബ്ദിൽ മുൻദിർ എന്ന പ്രവാചക ശിഷ്യന്റെ കഥ പ്രസിദ്ധമാകുന്നു. അഹ്സാബ് യുദ്ധകാലത്തെ കരാർ ലംഘനത്തിന്റെ പേരിൽ മുസ്‌ലിംകൾ മദീനയിലുണ്ടായിരുന്ന ഖുറൈള എന്ന യഹൂദ ഗോത്രത്തെ ഉപരോധിക്കുകയുണ്ടായി. ഉപരോധം നീണ്ടുപോയപ്പോൾ അവർ കീഴടങ്ങാൻ തയാറായി. അവരുടെ കാര്യത്തിൽ അൻസ്വാരി നേതാവായ സഅ്ദുബ്നു മുആദിന്റെ വിധി സ്വീകരിച്ചുകൊള്ളാം എന്ന നിബന്ധനയോടെ പാർപ്പിടങ്ങളിൽനിന്ന് പുറത്തുവരാൻ നബി(സ) അവരോടാവശ്യപ്പെട്ടു. അവർ പറഞ്ഞു: ഇല്ല, ആദ്യം അബൂലുബാബയെ ഞങ്ങളിലേക്കയക്കുക. അദ്ദേഹവുമായി സംസാരിച്ച ശേഷമേ ഞങ്ങൾ അന്തിമ തീരുമാനമെടുക്കൂ! നബി(സ) അബൂലുബാബയെ അയച്ചു. അവർ സ്വന്തം പാർപ്പിടങ്ങളിൽനിന്നു പുറത്തുകടന്നാൽ സഅ്ദ് എന്തു വിധിക്കുമെന്നതിനെക്കുറിച്ച് സംസാരിക്കാൻ അബൂലുബാബയെ ചുമതലപ്പെടുത്തിയിരുന്നില്ല. പക്ഷേ, ഖുറൈള ഗോത്രം അതേപ്പറ്റി ചോദിച്ചപ്പോൾ വധശിക്ഷയായിരിക്കും സഅ്ദിന്റെ വിധി എന്നും അതിനാൽ ആ വ്യവസ്ഥയിൽ പുറത്തു വരാതിരിക്കുന്നതാവും നല്ലതെന്നും അദ്ദേഹം സൂചിപ്പിച്ചു. തന്റെ ഭാര്യയും കുട്ടികളും ഖുറൈള ഗോത്രക്കാരുടെ അടുക്കലാണ് എന്നതായിരുന്നു അദ്ദേഹത്തെ ഇതിന് പ്രേരിപ്പിച്ചത്. പക്ഷേ, താൻ ചെയ്തത് വിശ്വാസ വഞ്ചനയായി എന്ന് അദ്ദേഹത്തിന് തോന്നി. തുടർന്ന് അല്ലാഹു തന്റെ പശ്ചാത്താപം സ്വീകരിക്കുകയോ താൻ മരിക്കുകയോ ചെയ്യുന്നതുവരെ അന്നവും വെള്ളവും കഴിക്കില്ലെന്ന് ശപഥം ചെയ്തുകൊണ്ട് അദ്ദേഹം പള്ളിയുടെ ഒരു തൂണിൽ സ്വയം കെട്ടിയിട്ടു. ഏഴ് ദിവസം (ഒരു നിവേദനപ്രകാരം ഒൻപത്) കഴിഞ്ഞപ്പോൾ അബൂലുബാബ ബോധരഹിതനായി വീണു. പിന്നെ അല്ലാഹു അദ്ദേഹത്തിന്റെ പശ്ചാത്താപം സ്വീകരിച്ചു. ആ വിവരം അറിയിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: റസൂൽ തിരുമേനി വന്ന് എന്നെ അഴിച്ചുവിടുന്നതുവരെ ഞാൻ എന്റെ കെട്ടഴിക്കുകയില്ല. അങ്ങനെ നബി(സ) വന്ന് അദ്ദേഹത്തെ അഴിച്ചുവിട്ടു. ഈ കഥയുടെ ഭാഗമായി ഇങ്ങനെയും ഉദ്ധരിക്കപ്പെട്ടിരിക്കുന്നു: നബി(സ) അബൂലുബാബയുടെ ഭാര്യയോട് അദ്ദേഹം വീട്ടിൽ നോമ്പനുഷ്ഠിക്കുകയും നമസ്കരിക്കുകയും ജനാബത്ത് ഉണ്ടായാൽ കുളിക്കുകയും ചെയ്യാറുണ്ടോ എന്നന്വേഷിച്ചു. അതൊക്കെ ഉണ്ടെന്ന് ഭാര്യ ഉറപ്പിച്ചു പറയുകയും ചെയ്തു. വീട്ടിൽ അഥവാ സ്വകാര്യ ജീവിതത്തിൽ അദ്ദേഹം ഇസ്‌ലാമിക ബാധ്യതകൾ നിർവഹിക്കുന്നുണ്ടോ എന്നാണ് പ്രവാചകന്റെ ചോദ്യത്തിനർഥം. അതുണ്ടെങ്കിൽ വിശ്വാസിയിൽനിന്നുണ്ടായ ഒരു خيانة ആണത്. ഇല്ലെങ്കിൽ അദ്ദേഹം കപടവിശ്വാസിയാണ് എന്നതിന്റെ തെളിവും. അബൂലുബാബയുടെ സംഭവത്തെ തുടർന്നാണ് ഈ സൂക്തം അവതരിച്ചതെന്ന് ചില നിവേദനങ്ങളുണ്ട്. അത് ശരിയാവാൻ സാധ്യത കുറവാണ്. ഈ സൂക്തം അവതരിച്ച് വർഷങ്ങൾ കഴിഞ്ഞ ശേഷമാണ് ബനൂ ഖുറൈള സംഭവം നടന്നത്. വിശ്വാസികളുടെ خيانة-ന് നല്ല ഒരുദാഹരണം എന്ന നിലക്ക് അബൂലുബാബ സംഭവവും ഈ സൂക്തവും തമ്മിലുള്ള ബന്ധം മൂലം പിന്നീട് ആ സംഭവം സൂക്തത്തിന്റെ അവതരണ പശ്ചാത്തലമായി വ്യാഖ്യാനിക്കപ്പെട്ടതാവാം.

സൂക്തത്തിന്റെ അവതരണ കാരണത്തെക്കുറിച്ച് ഇബ്നു ജരീറും മറ്റും ജാബിറുബ്നു അബ്ദില്ലായിൽനിന്ന് ഉദ്ധരിക്കുന്നത് ഇങ്ങനെയാണ്: അബൂസുഫ്‌യാനും സംഘവും മക്കയിൽനിന്നും പുറപ്പെട്ടു. ജിബ്‌രീൽ ആ വിവരം നബി(സ)യെ അറിയിച്ചു. തിരുമേനി സഖാക്കളോടു പറഞ്ഞു: "അബൂസുഫ്‌യാനും സംഘവും വരുന്നുണ്ട്. അവരുടെ പക്കൽ ഇന്നിന്നതെല്ലാം ഉണ്ട്. ഇന്നയിന്ന സ്ഥലങ്ങളിലൂടെ അവർ കടന്നുപോകും. നിങ്ങൾ പുറപ്പെടുക. വിവരം രഹസ്യമാക്കി വെക്കുക." പക്ഷേ, കപടവിശ്വാസികളിൽ ഒരാൾ അബൂസുഫ്‌യാന് ഇപ്രകാരം സന്ദേശമയച്ചു: "മുഹമ്മദ് നിങ്ങളെ ലക്ഷ്യമാക്കി പുറപ്പെടുന്നുണ്ട്. കരുതലോടെ നീങ്ങുക." അപ്പോൾ ഈ വഞ്ചന സൂചിപ്പിച്ചുകൊണ്ട് അല്ലാഹു لَا تَخُونُوا۟ ٱللَّهَ وَٱلرَّسُولَ എന്ന സൂക്തം അവതരിപ്പിച്ചു. ഈ നിവേദനം ശരിയാണെങ്കിൽ, അബൂസുഫ്‌യാൻ മക്കയിൽനിന്ന് കച്ചവടത്തിനായി പുറപ്പെടുന്നതിനെയാവണം ഇവിടെ സൂചിപ്പിക്കുന്നത്. അന്ന് കപടവിശ്വാസികൾ ചെയ്ത വിശ്വാസ വഞ്ചന ബദ്ർ യുദ്ധ നിരൂപണത്തിനിടയിൽ പരാമർശിച്ചതാവാം. ഏതായാലും സൂക്തത്തിന്റെ പദങ്ങളും അതുൾക്കൊള്ളുന്ന വിധികളും എക്കാലത്തുമുള്ള എല്ലാ മുസ്‌ലിംകളെയും ഉൾക്കൊള്ളുന്നതാണ്. ആരിലായാലും കാപട്യത്തിന്റെ മൂന്ന് ലക്ഷണങ്ങളിലൊന്നാണ് خيانة. നബി(സ) പറഞ്ഞു: آية المنافق ثلاث اذا حدث كذب واذا وعد اخلف واذاأتمن خان (കപടന്റെ ലക്ഷണം മൂന്നാണ്. സംസാരിച്ചാൽ കള്ളം പറയുക. വാഗ്ദാനം ചെയ്താൽ ലംഘിക്കുക. വിശ്വസിച്ചാൽ ചതിക്കുക.)

മദനീ സൂറകളിൽ വിശ്വാസികൾ അവിശ്വാസികളെയും വേദക്കാരെയും ആത്മമിത്രങ്ങളായി സ്വീകരിക്കരുത് എന്ന് ആവർത്തിച്ച് അനുശാസിക്കുന്നതിന്റെ പൊരുൾ ഇത്തരം നിവേദനങ്ങളിൽ നിന്ന് വ്യക്തമാകുന്നു. പ്രവാചകന്റെ മദീനാ കാലഘട്ടം ഏതാണ്ട് മുഴുവൻ തന്നെ യുദ്ധ സാഹചര്യം അഥവാ അടിയന്തര സാഹചര്യം- നിലനിൽക്കുന്ന കാലമായിരുന്നു. അത്തരമൊരവസ്ഥയിൽ വിശ്വാസികൾ അവിശ്വാസികളുമായി പുലർത്തുന്ന അതിരറ്റ മൈത്രി അവരെ വിശ്വാസ വഞ്ചനക്കു പ്രേരിപ്പിക്കുകയും അത് ഗുരുതരമായ ആപത്തുകൾക്കിടയാക്കുകയും ചെയ്യും. ഇതുപോലെ, മുൻ സൂക്തത്തിലെ لَعَلَّكُمْ تَشْكُرُونَ (നിങ്ങൾ നന്ദിയുള്ളവരാകാൻ) എന്ന വാക്യത്തിന്റെയും മറുവശമാണിത്. അല്ലാഹുവിനോട് ആശ്രിതത്വം പ്രഖ്യാപിച്ച് അവന്റെ ഔദാര്യങ്ങളെല്ലാം പറ്റിക്കൊണ്ടിരിക്കുന്നവരിൽനിന്ന് ന്യായമായും പ്രതീക്ഷിക്കുന്നത് അവനോടുള്ള നന്ദിയും കൂറുമാണ്. അല്ലാഹുവിന്റെ വിധിവിലക്കുകൾ അനുസരിക്കുന്നതിലൂടെയാണ് അടിമകളുടെ നന്ദിയും കൂറും യാഥാർഥ്യമാവുക. കൂറു പ്രഖ്യാപിക്കുകയും അതിന്റെ ആനുകൂല്യങ്ങളനുഭവിക്കുകയും ചെയ്യുന്നവർ ഉത്തരവാദിത്വങ്ങളിൽനിന്ന് ഒഴിഞ്ഞുമാറുന്നത് വിശ്വാസ വഞ്ചനയാണ്. യഥാർഥ വിശ്വാസികളിൽനിന്ന് അതുണ്ടായിക്കൂടാ.

وَتَخُونُوٓا۟ أَمَـٰنَـٰتِكُمْ എന്നതിൽ നിഷേധ സൂചകമായ لَا യോ ഒരു أن ഓ നിരുക്തമായിട്ടുണ്ട്. നിരുക്ത പദം لَا ആണ് എന്ന അടിസ്ഥാനത്തിലാണ് വഞ്ചിക്കാതിരിക്കുവിൻ എന്ന് തർജമ ചെയ്തത്. നിരുക്തം أن ആണെങ്കിൽ നിങ്ങൾ വഞ്ചിക്കൽ എന്നാകും അർഥം. അതായത്, അല്ലാഹുവിനോടും റസൂലിനോടുമുള്ള വഞ്ചന നിങ്ങളുടെ അമാനത്തുകളോടുള്ള വഞ്ചനയാണ്. അഥവാ സ്വന്തം അമാനത്തുകളെ വഞ്ചിക്കലാണ് അല്ലാഹുവിനോടും റസൂലിനോടുമുള്ള വിശ്വാസവഞ്ചന. امانة എന്ന മൂലപദത്തെയാണ് ഉത്തരവാദിത്വങ്ങൾ എന്ന് തർജമ ചെയ്തിരിക്കുന്നത്. മറ്റുള്ളവർക്ക് നിറവേറ്റിക്കൊടുക്കേണ്ട എല്ലാ ബാധ്യതകളെയും കുറിക്കുന്ന പദമാണത് - الامانة كلّ حق يجب اداؤه الى الغير. അമാനത്തിന്റെ അർഥം *ഖുർആൻ*

*ബോധനം* സൂറഃ *അന്നിസാഅ്* 58-ാം സൂക്തത്തിനു താഴെ വിസ്തരിച്ചെഴുതിയിട്ടുണ്ട്. ഒരാൾ പറഞ്ഞു തരുന്ന രഹസ്യം പോലും വിശ്വാസിയെ സംബന്ധിച്ചേടത്തോളം ഒരു സൂക്ഷിപ്പു മുതൽ - ഉത്തരവാദിത്വം ആകുന്നു. അഹ്മദും അബൂദാവൂദും തിർമിദിയും ഉദ്ധരിക്കുന്ന ഒരു നിവേദനത്തിൽ ഇങ്ങനെ കാണാം: اذا حدث الرّجل حديثا ثمّ التفت وهو امانة (ഒരാൾ ഒരു രഹസ്യവർത്തമാനം പറഞ്ഞ് തിരിച്ചുപോയാൽ കേട്ടവനിൽ അതൊരു അമാനത്താകുന്നു). മനുഷ്യന്റെ പ്രകൃതിപരമായ യോഗ്യതകളും സർഗാത്മക ശക്തികളും മറ്റനുഗ്രഹങ്ങളുമെല്ലാം, അല്ലാഹു അവനെ ഏൽപിച്ച അമാനത്തുകളിൽ പെടുന്നു. പ്രപഞ്ചത്തിലെ ഇതര പ്രതിഭാസങ്ങളൊക്കെയും ഏറ്റെടുക്കാൻ വിസമ്മതിച്ചതും മനുഷ്യൻ മാത്രം ഏറ്റെടുത്തതുമായ ഭാരമാണ് അമാനത്ത് എന്ന് ഖുർആൻ മറ്റൊരിടത്ത് പ്രസ്താവിക്കുന്നുണ്ട്. അറിഞ്ഞുകൊണ്ട് وَأَنتُمْ تَعْلَمُونَ എന്ന വാക്ക്, ഇവിടെ വിമർശന വിധേയരായ ആളുകൾ മനഃപൂർവമാണ് തെറ്റായ നടപടികളിലേർപ്പെടുന്നത് എന്ന് സൂചിപ്പിക്കുന്നതോടൊപ്പം ശരീഅത്തിന്റെ ഒരു തത്ത്വം വ്യക്തമാക്കുകയും ചെയ്യുന്നുണ്ട്. ഒരു കുറ്റകൃത്യം കുറ്റകൃത്യമാകുന്നത്, അത് മനഃപൂർവം ചെയ്യുമ്പോഴാണ് എന്നതാണ് ആ തത്ത്വം.

**28:** അല്ലാഹുവിനെയും റസൂലിനെയും അവനവന്റെ ഉത്തരവാദിത്വങ്ങളെയും വഞ്ചിക്കുന്നത് രോഗലക്ഷണമാണ്. യഥാർഥ രോഗം എന്താണെന്ന് വ്യക്തമാക്കുകയാണ് ഈ സൂക്തം. അതിരുകവിഞ്ഞ ഭൗതികതാൽപര്യങ്ങളാണത്. ഭൗതികതാൽപര്യങ്ങളിൽ ഏറ്റം മുൻപന്തിയിൽ നിൽക്കുന്ന രണ്ടു കാര്യങ്ങളാണ് സൂക്തം പരാമർശിക്കുന്ന മുതലും മക്കളും. ഭോഗതൃഷ്ണ, അധികാരമോഹം, സ്ഥാനമാനങ്ങളിലുള്ള ആർത്തി എന്നിങ്ങനെ ഭൗതികതാൽപര്യങ്ങൾ വേറെയും നിരവധിയാണ്. മുതലും മക്കളും അടക്കം എല്ലാ ഭൗതികവിഭവങ്ങളും മനുഷ്യന്റെ മുമ്പിൽ അല്ലാഹു അവതരിപ്പിക്കുന്ന പരീക്ഷണങ്ങളാണ്. ഭൗതികവിഭവങ്ങളിലുള്ള മോഹത്തെയും ദൈവപ്രീതിയിലുള്ള മോഹത്തെയും സമരസപ്പെടുത്തിക്കൊണ്ടുപോകാൻ തയാറാകുന്നുവോ എന്നാണ് പരീക്ഷിക്കുന്നത്.

ഭൗതികവിഭവങ്ങളിലുള്ള അമിത താൽപര്യം മനുഷ്യനെ അവയുടെ അടിമകളാക്കുന്നു. അവർ അല്ലാഹുവിനെ അവഗണിക്കുന്നു. ഉത്തരവാദിത്വങ്ങൾ വിസ്മരിക്കുന്നു. സമ്പത്തിൽ ഭ്രമിക്കുന്നവർ വളരെ സമ്പന്നനായിരിക്കുക എന്നതാണ് ഏറ്റവും വലിയ മഹത്വമെന്ന് കരുതുന്നു. മറ്റെല്ലാറ്റിനെയും അതിന്റെ വളരെ താഴേയേ അവർ കാണൂ. അത് ദൈവമാകട്ടെ, മതമാകട്ടെ, പാർട്ടിയാവട്ടെ, സമുദായമാകട്ടെ. ഭാര്യയിലും മക്കളിലും ഭ്രമിക്കുന്നവരുടെ അവസ്ഥയും ഇതുതന്നെ. അവരുടെ സുഖസൗകര്യങ്ങളെ ഏറ്റവും വലിയ ലക്ഷ്യമായി സ്വീകരിക്കുന്നു. ഭാര്യയുടെയും മക്കളുടെയും സന്തോഷത്തിന് അല്ലാഹുവിന്റെ പ്രീതിയേക്കാൾ പ്രാധാന്യം നൽകുന്നു. അവരുടെ ഇഷ്ടാനിഷ്ടങ്ങളാകുന്നു അത്തരക്കാരുടെ ധാർമികവും നൈതികവുമായ മാനദണ്ഡങ്ങൾ. ഭാര്യ അല്ലെങ്കിൽ മക്കൾ ആവശ്യപ്പെടുന്നതിനപ്പുറം പോകാൻ അവരുടെ മനസ്സ് സമ്മതിക്കില്ല. ഈവിധം മക്കളെ സമീപിക്കുമ്പോൾ തങ്ങളവരെ കവിഞ്ഞ സ്നേഹവാത്സല്യത്തോടെ വളർത്തുകയും അവരുടെ സ്നേഹവും കൂറും സമ്പാദിക്കുകയുമാണെന്നും, ആ സമ്പാദ്യം നാളെ തങ്ങൾക്ക് വലിയ ഗുണം ചെയ്യുമെന്നും അവർ കരുതുന്നു. വാസ്തവമോ, അല്ലാഹുവിനോടുള്ള ബാധ്യതകൾ ലംഘിക്കാൻ പ്രേരിപ്പിക്കുന്ന മക്കൾ മാതാപിതാക്കളുടെ ശത്രുക്കളാണ്. മക്കളെ അതിനു പ്രേരിപ്പിക്കുന്ന മാതാപിതാക്കൾ മക്കളുടെയും ശത്രുക്കളാണ്. സൂറഃ *അത്തഗാബുൻ* 14-ാം സൂക്തത്തിൽ അല്ലാഹു പറഞ്ഞു:

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوٓا۟ إِنَّ مِنْ أَزْوَٰجِكُمْ وَأَوْلَـٰدِكُمْ عَدُوًّا لَّكُمْ فَٱحْذَرُوهُمْ

(അല്ലയോ സത്യവിശ്വാസികളേ, നിങ്ങളുടെ ഭാര്യമാരിലും മക്കളിലും ശത്രുക്കളുണ്ട്. അതിനാൽ അവരെക്കുറിച്ച് കരുതലുള്ളവരായിരിക്കുവിൻ).

അല്ലാഹുവിന്റെ വിധിവിലക്കുകളെ അവഗണിക്കാനും ദീനീസേവനങ്ങളിൽനിന്ന് ഒഴിഞ്ഞുമാറാനും പ്രേരിപ്പിക്കുമ്പോഴാണ് മാതാപിതാക്കളും മക്കളും അറിയാതെ പരസ്പരം ശത്രുക്കളാകുന്നതും സമ്പത്ത് പരാജയത്തിലേക്കു നയിക്കുന്ന ഫിത്നയാകുന്നതും. കുടുംബത്തെയും കുട്ടികളെയും അല്ലാഹു കൽപിച്ചവിധം പോറ്റിവളർത്തുമ്പോൾ അവർ യഥാർഥ മിത്രങ്ങളും സഹായികളുമാകുന്നു. ഈ ജീവിതത്തിലും പരലോകജീവിതത്തിലും അവർ പരസ്പരം ഉപകാരപ്പെടുകയും ചെയ്യും. അല്ലാഹുവിന്റെ വിധിവിലക്കുകൾ മാനിച്ചുകൊണ്ട് ധനം ശേഖരിക്കുകയും വ്യയം ചെയ്യുകയും ചെയ്യുമ്പോൾ അത് മഹത്തായ അനുഗ്രഹമാകുന്നു; ഇഹത്തിലും പരത്തിലും. അല്ലാഹുവിന്റെ വിധിവിലക്കുകൾ ധിക്കരിച്ചുകൊണ്ട് കൈകാര്യം ചെയ്യപ്പെടുമ്പോഴാണ് സമ്പത്ത് കടുത്ത ഫിത്നയും ശത്രുവുമായിത്തീരുന്നത്.

സന്തതികളിലൂടെയാകട്ടെ,സമ്പത്തിലൂടെയാകട്ടെ ഈ ലോകത്ത് ആർക്കും ഏറെയൊന്നും നേടാനാവില്ല. അവയിലൂടെയുള്ള നേട്ടം എത്ര വലുതായാലും അത് ക്ഷണികമായ ഭൗതികജീവിതത്തിൽ പരിമിതമാണ്. അതിമഹത്തവും അനശ്വരവുമായ കർമഫലമുള്ളത് അല്ലാഹുവിന്റെ സന്നിധിയിൽ-പരലോകത്താണ്. അല്ലാഹുവിനെ വഞ്ചിച്ചുകൊണ്ട് ഈ ലോകത്ത് ആർജിക്കുന്ന ഒരു കർമവും അവങ്കൽ വിലമതിക്കപ്പെടുകയോ ഉപകാരപ്പെടുകയോ ഇല്ല. ■